# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക്</u>
<u>പ്രത്യേക പാക്കേജ്</u>

2645 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് വീട് നൽകാൻ ആവശ്യമായ പ്രത്യേക പാക്കേജ് രൂപീകരിച്ച് നടപ്പാക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പട്ടികജാതി-പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് സൈക്കിള്‍ നല്‍കുന്ന പദ്ധതി

2646 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്ക് സൈക്കിള്‍ വാങ്ങി നല്‍കുന്ന പദ്ധതിയ്ക്കായി 2011-12 സാമ്പത്തിക വര്‍ഷത്തില്‍ എത്ര തുക നീക്കിവച്ചു; അതിനായി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചു;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടര്‍ നടപടികള്‍ ഏത് ഘട്ടത്തിലാണ്;

(സി) എത്ര കമ്പനികള്‍ സൈക്കിള്‍ നല്‍കാന്‍ തുക ക്വാട്ടു ചെയ്തു; ഏത് കമ്പനിക്കാണ് കരാര്‍ നല്‍കിയത്;

(ഡി) ടെണ്ടര്‍ നടപടി സ്വീകരിച്ചതിനു ശേഷം നിലവില്‍ ഹൈക്കോടതിയില്‍ കേസ് ഉണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ ധനം

2647 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജനാ പ്രകാരം പത്ത് വർഷം മുമ്പ് ധനസഹായം ലഭിച്ച പട്ടികവിഭാഗത്തിൽപ്പെട്ട എല്ലാവരും വീടിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർക്കും അനുവദിച്ച തുക മുഴുവനായി കൈപ്പറ്റാൻ കഴിയാത്തവർക്കും പുതിയ ധനസഹായം നൽകാൻ വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകാൻ നടപടി കൈക്കൊള്ളുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>റാന്നി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം</u>

2648 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പ്രീമെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) അതിൽ ആദ്യഘട്ടമായി എന്തു തുകയാണ് പൊതുമരാമത്ത് വകുപ്പിനു കൈമാറിയിട്ടുള്ളത്;

(സി) ബാക്കി തുക കൈമാറുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നൽകിയ കത്ത് എന്നാണ് ലഭിച്ചത്;

(ഡി) ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(ഇ) അടിയന്തിരമായി ബാക്കിത്തുക അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പ്രീ-മെട്രിക് ഹോസ്റ്റൽ നവീകരണം</u>

2649 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, കെ. അച്ചുതൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഫലപ്രദമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>തരൂർ പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം</u>

2650 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടം പണിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന്റെ പ്രവർത്തനം ഈ അദ്ധ്യയന വർഷത്തിൽ തന്നെ പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയുമോ;

(സി) സ്ഥലപരിമിതി മൂലം ഈ അദ്ധ്യയന വർഷത്തിൽ അഞ്ചാം തരത്തിൽ പ്രവേശനം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനും സുഗമമാക്കാനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മഞ്ചേശ്വരത്തു ആൺകുട്ടികൾക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

2651 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കന്നട മീഡിയത്തിൽ ആൺകുട്ടികൾക്കായി എം. ആർ.എസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത എം.ആർ.എസ്. എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

മഞ്ചേശ്വരത്ത് പുതിയ പോളിടെക്നിക്

2652 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഒരു പോളിടെക്നിക് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പോളിടെക്നിക് എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം</u>

2653 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് എസ്.സി വിഭാഗക്കാർക്ക് അനുവദിച്ചിരുന്ന ചികിത്സാ ധനസഹായം കൊടുത്തു തീർക്കാനുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലയിൽ പ്രസ്തുത സഹായം ഇനിയും കൊടുത്തുതീർക്കാൻ ഉള്ളവരുടെ വിശദാംശങ്ങൾ ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(സി) അവർക്ക് എന്ന് സഹായം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

പട്ടികജാതി പെണ്‍കുട്ടികള്‍ക്കുള്ള വിവാഹ ധനസഹായം

2654 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍ദ്ധനരായ പട്ടികജാതി പെണ്‍കുട്ടികള്‍ക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി ഉയര്‍ത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ എത്ര തുകയായി വര്‍ദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധിച്ച ഉത്തരവ് ഉടന്‍ പുറപ്പെടുവിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ജയിൽശിക്ഷ അനുഭവിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് നിയമസഹായം</u>

2655 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാകാലങ്ങളായി ജയിലുകളിൽ കഴിയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടപോലെ കേസ് വാദിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് ആവശ്യമായ നിയമസഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ</u>

2656

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനകം എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്നും എന്തു തുകയാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

തൊഴിൽരഹിതരായ പട്ടികവിഭാഗക്കാർക്ക് ജോലി

2657 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിൽ ലഭിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ഇവരുടെ പേര് ശേഖരിച്ച് അവർക്ക് അടിയന്തിരമായി ജോലി ലഭിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

പട്ടികജാതി സഹകരണ സംഘങ്ങൾ വഴി തൊഴിലവസരങ്ങൾ

2658 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘം വഴി പട്ടികജാതി ജനവിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മുഖാരി - മൂവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്താൻ നടപടി</u>

2659 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മുഖാരി, മൂവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ശൈവ വെള്ളാള സമുദായക്കാർക്കുള്ള സംവരണം</u>

2660 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശൈവ വെള്ളാള സമുദായത്തെ പിന്നോക്ക സമുദായമായി പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളിൽ പ്രസ്തുത സമുദായത്തിന് റിസർവേഷൻ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്നും എന്നു മുതൽ ആണ് സംവരണം നൽകിയതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

വേളാൻ, കുശവൻ വിഭാഗങ്ങൾക്ക് സംവരണം

2661 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേളാൻ, കുശവൻ തുടങ്ങിയ പരമ്പരാഗത മൺപാത്ര നിർമ്മാണ വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിനെ സംബന്ധിച്ച്, 2009 ൽ സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ നടത്തിയ തെളിവെടുപ്പിന്റെ വിശദവിവരങ്ങൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) 10-ാം കേരള നിയമസഭയുടെ പിന്നോക്കക്ഷേമ സമിതി ഈ വിഭാഗങ്ങൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് പ്രത്യേക സംവരണം ശുപാർശ ചെയ്തത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മൺപാത്ര നിർമ്മാണ സമുദായങ്ങളുടെ പ്രശ്നങ്ങൾ</u>

2662 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **മൺപാത്ര നിർമ്മാണ സമുദായങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികളാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(ബി) ഇതുമായി ബന്ധപ്പെട്ട നിയമസഭാ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്മേൽ എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

പിന്നോക്ക സമുദായക്കാർക്ക് കൂടുതൽ വായ്പാ കേന്ദ്രങ്ങൾ

2663 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്കാർക്ക് വായ്പകളും സഹായങ്ങളും നൽകുന്ന കേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി മഞ്ചേരിയിൽ ഇതിനായി ഒരു പുതിയ കേന്ദ്രം ആരംഭിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി ഗോത്രവര്‍ഗ്ഗ കമ്മീഷന്‍</u>

2664 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പട്ടികജാതി ഗോത്രവര്‍ഗ്ഗ കമ്മീഷന്റെ പ്രവര്‍ത്തനം സ്തംഭനത്തിലാണെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ചെയര്‍മാനെയും അംഗങ്ങളെയും നിയമിക്കാനുള്ള നടപടികള്‍ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായക്ഷേമ ഡയറക്ടറേറ്റ്</u>

2665 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായക്ഷേമ ഡയറക്ടറേറ്റ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഡയറക്ടറേറ്റിന്റെ ഘടനയും ചുമതലകളും വിശദീകരിക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുമോ; ഇല്ലെങ്കിൽ പിന്നോക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഡയറക്ടറേറ്റുകൾക്ക് മേഖലാതലത്തിലും ജില്ലാതലത്തിലും പ്രത്യേക ഓഫീസുകൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>അടൂര്‍ മണ്ഡലം - പട്ടികജാതി വികസന വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍</u>

2666 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടൂര്‍ മണ്ഡലത്തില്‍ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തി വരുന്നത്;

(ബി) പുതിയതായി എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ ഏറ്റെടുക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വിശദാംശങ്ങള്‍ സഹിതം വ്യക്തമാക്കുമോ;

(സി) പുതിയ പദ്ധതികള്‍ നടപ്പിലാക്കുമ്പോള്‍ അടൂര്‍ മണ്ഡലത്തെക്കൂടി ഉള്‍പ്പെടുത്താന്‍ ശ്രദ്ധിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

പട്ടികജാതി ക്ഷേമത്തിനായി ചെലവഴിച്ച തുക

2667

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ 2006-2007 മുതൽ 2010-2011 വരെയുള്ള അഞ്ചുവർഷങ്ങളിൽ പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമ വികസനത്തിന് പ്ലാൻ-നോൺപ്ലാൻ ഇനങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മുൻസർക്കാർ അവതരിപ്പിച്ച 2011-2012 വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി-പിന്നോക്കസമുദായക്ഷേമ വികസനത്തിനായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ 2011 വർഷത്തെ ബഡ്ജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ഡോ. അംബേദ്കര്‍ മെമ്മോറിയല്‍ റെസിഡന്‍ഷ്യല്‍ സ്ക്കൂള്‍</u>

2668 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡോ. അംബേദ്കര്‍ മെമ്മോറിയല്‍ റെസിഡന്‍ഷ്യല്‍ സ്കൂളുകളിലെ ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് സമിതി എന്നിവയില്‍ രക്ഷാകര്‍ത്താക്കളുടെ പ്രതിനിധികള്‍ ഇല്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങള്‍ തീരുമാനിക്കുന്ന ഇത്തരം സമിതികളില്‍ രക്ഷാകര്‍ത്താക്കളുടെ പ്രതിനിധിയെ ഉള്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

തൃശ്ശൂർ ചേലക്കര പട്ടികജാതി കേന്ദ്രങ്ങളിൽ കുടിവെള്ള പദ്ധതി

2669 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വിവിധ പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് തൃശ്ശൂർ ജില്ലാ പട്ടികജാതി ഓഫീസിൽ നിന്ന് ശുപാർശ ചെയ്തയച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ അംഗീകരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പട്ടികജാതി സങ്കേതങ്ങളിലെ കുടിവെള്ള പദ്ധതികൾ കാലതാമസം കൂടാതെ അംഗീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

2670 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ റോഡ് നിർമ്മാണം, കുടിവെള്ള ലഭ്യത എന്നിവയ്ക്കായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ ഈ പദ്ധതികളുടെ വിശദവിവരം വ്യക്തമാക്കാമോ ;

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മാടായിപ്പാറ സംരക്ഷണം</u>

2671 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിപ്പാറ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) മാടായിപ്പാറയെ ചരിത്ര പാരിസ്ഥിതിക തീർത്ഥാടന കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ അത്തരത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പൂക്കോട് തടാകത്തിന്റെ വികസനം</u>

2672 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പൂക്കോട് തടാകത്തിന്റെ വികസനത്തിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വകയിരുത്തിയ തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ;

(ബി) അതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും പരിഗണനയിലുള്ള പദ്ധതികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കക്കയം-പെരുവണ്ണാമുഴി റോഡ്</u>

2673 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കക്കയത്തേയും പെരുവണ്ണാമുഴിയേയും ബന്ധിപ്പിക്കുന്ന റിസർവോയർ തീരത്തു കൂടിയുള്ള റോഡ് പരിഷ്ക്കരിക്കുന്നതിനും പൂർത്തിയാക്കുന്നതിനും വിനോദസഞ്ചാരവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനു വേണ്ടി എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ; പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

വിനോദസഞ്ചാര മേഖലയ്ക്ക് ക്ലാസിഫിക്കേഷൻ സിസ്റ്റം

2674 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരമേഖലയ്ക്ക് ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) എങ്ങനെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ആധുനിക ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ</u>

2675

ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ വിനോസഞ്ചാര കേന്ദ്രങ്ങളിലും പട്ടണങ്ങളിലും ആധുനിക സൗകര്യങ്ങളോടുകൂടി ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഈ കേന്ദ്രങ്ങളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(സി) വികലാംഗരായ സന്ദർശകർക്ക് പ്രസ്തുത സെന്ററുകൾ വഴി സഹായം നൽകാൻ നടപടി എടുക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

മലമേൽ ടൂറിസം വികസനം

2676 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ അറയ്ക്കൽ വില്ലേജിലെ മലമേൽ ടൂറിസം വികസനത്തിന് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലം ഡി.ടി.പി.സി.യുടെ ടൂറിസം പാക്കേജിൽ ഉൾപ്പെടുത്തിതയിട്ടുണ്ടോ ;

(സി) റീസർവ്വേ പ്രകാരം റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി നിയമവിധേയമായി ടൂറിസം ആവശ്യങ്ങൾക്കായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതി</u>

2677 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചിമ്മിനി ഡാമിൽ ആരംഭിച്ച ഇക്കോ ടൂറിസം പദ്ധതി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടസ്സം നീക്കി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

## ആലപ്പുഴ ബീച്ച് സൗന്ദര്യവല്‍ക്കരണം

2678

ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ബീച്ച് സൗന്ദര്യവല്‍ക്കരണത്തിന് എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) കരാര്‍ പ്രകാരം എന്നാണ് പണി പൂര്‍ത്തീകരിക്കേണ്ടത്;

(സി) കരാറുകാരന്റെ അനാസ്ഥ മൂലമാണ് പണി പൂര്‍ത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതെങ്കില്‍ ടിയാള്‍ക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) എന്ന് പണി പൂര്‍ത്തീകരിക്കാന്‍ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട്-ബീച്ച് സൗന്ദര്യവൽക്കരണം</u>

2679 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ബീച്ചിൽ സൗന്ദര്യവൽക്കരണം നടത്തിയ സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ചാവക്കാട് ബീച്ച് ടൂറിസം പദ്ധതി</u>

2680 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ബിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഗുരുവായൂരിന്റെ സമീപമുള്ള ബിച്ചെന്ന നിലയിൽ പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

ചെറായിബീച്ചിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ നിയന്ത്രണവും, പരിപാലനവും

2681 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായിബീച്ചിലെ ഹൈമാസ്റ്റ് ലൈറ്റുകളുടെ നിയന്ത്രണവും, പരിപാലനവും നിർവ്വഹിക്കുന്നത് ഏത് ഏജൻസിയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ ദിവസവും ഈ ലൈറ്റുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ അവ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>കേരള ക്ലീൻ ടോയ്‌ലറ്റ് കാമ്പയിൻ</u>

2682 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാരകേന്ദ്രങ്ങളിലും ആഗോള നിലവാരത്തിലുള്ള ശൗചാലയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേരള ക്ലീൻ ടോയ്‌ലറ്റ് കാമ്പയിൻ എപ്പോഴാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മലബാർ മേഖലയിലെ ടൂറിസം വികസനം</u>

2683 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലബാർ മേഖലയിൽ ടൂറിസം വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ഈ വർഷം ആരംഭിക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

‘ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ’

2684 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ-2011 ന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചോ;

(ബി) അതുമായി ബന്ധപ്പെട്ട് എത്ര ജില്ലകളിലാണ് രാത്രികാല ഷോപ്പിംഗ് ഏർപ്പെടുത്തിയത്;

(സി) ജില്ലാ ആസ്ഥാനങ്ങൾ കൂടാതെ താലൂക്ക് ഹെഡ്ക്വാർട്ടേർ തോറും രാത്രികാല ഷോപ്പിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ വർഷം പ്രോത്സാഹന സമ്മാനങ്ങളുടെ എണ്ണം കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് റാണിപുരം വിനോദസഞ്ചാര കേന്ദ്രം</u>

2685 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ റാണിപുരം വിനോദസഞ്ചാര കേന്ദ്രത്തിൽ എന്തൊക്കെ സുരക്ഷാ സംവിധാനമാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇക്കഴിഞ്ഞ സെപ്തംബർ 8-ന് റാണിപുരത്തെത്തിയ നാലു വിനോദസഞ്ചാരികൾ വഴിതെറ്റി വനത്തിലകപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ റാണിപുരത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിര്‍മ്മാര്‍ജ്ജനവും സുരക്ഷാക്രമീകരണവും</u>

2686 ശ്രീ. രമേശ് ചെന്നിത്തല
,, വര്‍ക്കല കഹാര്‍
,, കെ. അച്ചുതന്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആഭ്യന്തര ടൂറിസത്തിന് കൂടുതല്‍ പ്രചാരവും, സാധ്യതകളും കൈവന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സര്‍ക്കാര്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിര്‍മ്മാര്‍ജ്ജനത്തിനും സുരക്ഷാക്രമീകരണങ്ങള്‍ക്കും പ്രാധാന്യം നല്‍കിക്കൊണ്ടുള്ള പ്രത്യേക പദ്ധതികള്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ടൂറിസം രംഗത്ത് സ്വകാര്യ പങ്കാളിത്തം</u>

2687 ശ്രീ. എം ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് സർക്കാർ കൂടുതൽ മുതൽ മുടക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിനായി സ്വകാര്യമേഖലയുടെ പങ്കാളിത്തം ഏതെല്ലാം മേഖലയിൽ പ്രതീക്ഷിക്കുന്നു ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ടൂറിസം വാരാഘോഷം</u>

2688 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഓണം വാരാഘോഷത്തിന് എത്ര തുകയാണ് ചിലവഴിച്ചത്;

(ബി) ജില്ലാടിസ്ഥാനത്തിൽ എത്ര തുകയാണ് നൽകിയത്;

(സി) മുനിസിപ്പാലിറ്റികൾക്കും, പഞ്ചായത്തുകൾക്കും പ്രത്യേകം ഫണ്ട് നൽകുന്നുണ്ടോ;

(ഡി) ഡി. റ്റി. പി. സി. കൾക്ക് എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ജില്ലാ ആസ്ഥാനങ്ങളിൽ ഓണം വാരാഘോഷ പരിപാടി</u>

2689 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണം വാരാഘോഷം വരുംവർഷങ്ങളിൽ ജില്ലാ ആസ്ഥാനങ്ങളിൽ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രകൃതി സുന്ദരമായ വയനാട്ടിലെ സുൽത്താൻ ബത്തേരി ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

കോവളം ടൂറിസം മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി

2690 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം ടൂറിസം മേഖലയിൽ കുടിവെള്ളം എത്തിക്കുന്നതിന് പത്ത്കോടി രൂപ ടൂറിസം വികസന ഫണ്ടിൽ നിന്ന് നല്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് അത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടത് ;

(സി) പ്രസ്തുത തുക വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്നേക്ക് കൈമാറുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>കിറ്റ്സിന്റെ മലയാറ്റൂർ സെന്റർ</u>

2691 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള കിറ്റ്സിന്റെ മലയാറ്റൂർ സെന്റർ പ്രവർത്തനക്ഷമമാണോ ; ഇല്ലെങ്കിൽ അവിടെ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ സ്ഥാവര ജംഗമ വസ്തുക്കളുടെ പത്ത് വർഷത്തെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; പ്രസ്തുത സെന്ററിലെ വസ്തുക്കളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ/ അസറ്റ് രജിസ്റ്ററിന്റെ പകർപ്പ് നൽകുമോ ;

(സി) അവിടെയുള്ള വസ്തുക്കൾ അന്യാധീനപ്പെട്ടുപോകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 11.10.2011-ലെ മറുപടിക്ക്

<u>ഭാരതപ്പുഴ ഹെറിറ്റേജ് ടൂറിസം പദ്ധതി</u>

2692 ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെറിറ്റേജ് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>ചുള്ളിയാർ ഡാമിനോട് ചേർന്ന് ഗാർഡൻ നിർമ്മാണം</u>

2693 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലുള്ള ചുള്ളിയാർ ഡാമിനോട് ചേർന്ന് ഗാർഡൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അടിയന്തിരമായി നിർമ്മാണ പ്രവർത്തനം നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>മീങ്കര, ചുള്ളിയാർ പോത്തുണ്ടി ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി</u>

2694 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മീങ്കര, ചുള്ളിയാർ, പോത്തുണ്ടി ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) ടൂറിസം രംഗത്ത് ഏറെ സാധ്യതയുള്ള ഈ പദ്ധതി നടപ്പിലാക്കാൻ ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്താക്കുമോ ?

# കേരള നിയമസഭ
## 11.10.2011-ലെ മറുപടിക്ക്

<u>പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്പോട്ടുകൾ കണ്ടെത്തുന്നതിന് നടപടി</u>

2695 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്പോട്ടുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ടൂറിസം വികസന പദ്ധതികളിൽ സ്വകാര്യ മൂലധന നിക്ഷേപത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 2.

“T” ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.